ചെയ്തിട്ടുള്ള സഹകരണ ആശുപത്രികളിലും സഹകരണ ഡയഗ്നോസ്റ്റിക് സെന്ററുകളിലും വിതരണം ചെയ്യുന്ന മരുന്നുകൾ ഏതെല്ലാമാണ്. പദ്ധതി പ്രകാരം അക്രഡിറ്റ് ചെയ്തിട്ടുള്ള സഹകരണ ആശുപത്രികളുടെയും സഹകരണ ഡയഗ്നോസ്റ്റിക് സെന്ററുകളുടെയും പേര് അടിസ്ഥാനമാക്കി പേർത്തിട്ടുണ്ട്.

കെ.എസ്.എഫ്.ഇ.-യിൽ ജോലി ചെയ്യുന്ന വിമുക്തഭടന്മാർ

181 (3335) ശ്രീ. പി. പി. ആരിഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.യിൽ നിലവിൽ ജോലി ചെയ്യുന്ന വിമുക്ത ഭടന്മാരുടെ പേരും തസ്തികയും ഇപ്പോഴത്തെ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) 31-12-2014-ന് കെ.എസ്.എഫ്.ഇ.യിൽ ജോലി ചെയ്തിരുന്ന എല്ലാ വിമുക്തഭടൻമാരുടെയും പേരും തസ്തികയും ഇപ്പോഴത്തെ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(സി) 2013-14, 2014-15 വർഷങ്ങളിൽ കെ.എസ്.എഫ്.ഇ. ആരംഭിച്ച ഇപ്പോഴത്തെ പേരും അഡ്രസ്സും ലഭ്യമാക്കുമോ?

ഉത്തരം

(എ) വിശദവിവരങ്ങൾ അനുബന്ധം-I ആയി ചേർത്തിട്ടുണ്ട്.*

(ബി) വിശദവിവരങ്ങൾ അനുബന്ധം-II ആയി ചേർത്തിട്ടുണ്ട്.*

(സി) 2013-14, 2014-15 വർഷങ്ങളിൽ കെ.എസ്.എഫ്.ഇ. ആരംഭിച്ച ഇപ്പോഴത്തെ പേരും അഡ്രസ്സും അനുബന്ധം-III ആയി ചേർത്തിട്ടുണ്ട്.*

മുദ്രപ്പത്രത്തിന്റെ ഉയർന്ന വില താഴ്ത്താൻ നടപടി

182 (3336) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) വിവിധ കരാറുകൾക്കും ഉടമ്പടികൾക്കും ഉപയോഗിക്കുന്ന മുദ്രപത്രം 100 രൂപയിൽ നിന്നും 500 രൂപയായി ഈ സാമ്പത്തിക വർഷം ഉയർത്തിയതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) വാടകച്ചീട്ട് ഉൾപ്പെടെ ചെറിയ വർഗ്ഗവും ചുരുക്കമായ കരാറുകൾക്ക് വിനിയോഗിക്കുന്ന മുദ്രപത്രം ഉപയോഗിക്കുന്നതിനുള്ള സാധാരണക്കാരായ ജനവിഭാഗങ്ങൾക്ക് ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 100 രൂപ വിലയുള്ള മുദ്രപത്രം പുനഃസ്ഥാപിച്ചോ കരാറുകൾക്ക് വിൽപ്പനയ്ക്കായിട്ടെന്നോ; ജനങ്ങൾക്കുള്ള ബുദ്ധിമുട്ട് പരിഗണിച്ച് കരാറുകൾക്കുള്ള മുദ്രപത്രത്തിന്റെ വില താഴ്ത്തുന്നതിന് നടപടി സ്വീകരിക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ 2015-16 ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലാണ് കരാറുകൾക്കും ടെണ്ടറുകൾക്കും ഉപയോഗിക്കുന്ന മുദ്രപ്പത്രത്തിന്റെ വില 100 രൂപയിൽ നിന്നും 500 രൂപയായി ഉയർത്തിയത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഫിനാൻസ് ആക്ട് 2010 (2010 ലെ ആക്ട് 10) മുഖേനയാണ് കരാറുകൾക്ക് 100 രൂപ വിലയിലുള്ള മുദ്രപ്പത്രം ഏർപ്പെടുത്തിയത്. കരാറുകൾക്കുള്ള മുദ്രപ്പത്രത്തിന്റെ വില താഴ്ത്തുന്ന കാര്യം സർക്കാർ പരിഗണിച്ചു വരുന്നു.

കെ.എഫ്.സി.യിൽ നേരിട്ട് നിയമനം ലഭിച്ചവർ

183 (3337) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എഫ്.സി.-യിൽ എത്ര ജീവനക്കാരെ നേരിട്ട് നിയമിച്ചിട്ടുണ്ട്; ഇവർ ആരൊക്കെ; ഏതൊക്കെ തസ്തികകളിൽ എത്ര പേരെ വീതം നിയമിച്ചിട്ടുണ്ട്; പേരു സഹിതം വിശദമാക്കുമോ;

(ബി) ഇവരുടെ ഓരോരുത്തരുടേയും ശമ്പളസ്കെയിൽ, സർവ്വീസിൽ കയറിയപ്പോഴുള്ള മാസ ശമ്പളം, നിയമന സംവിധാനം, കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എഫ്.സി യിൽ എത്ര പ്രതിയെ എം.ഡി.-മാർ വന്നിട്ടുണ്ട്; ഇവർ ആരൊക്കെ; വിശദമാക്കുമോ?

ഉത്തരം

(എ) 9 പേരെ നേരിട്ട് നിയമിച്ചിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു:

പേര്	തസ്തിക
ശ്രീ. വിനിൽ കുമാർ	മാനേജർ
ശ്രീ. ബാബു ജോസഫ്	മാനേജർ
ശ്രീമതി ലക്ഷ്മി വി	മാനേജർ
ശ്രീമതി ശാരണ്യ എം.എസ്.	ഡെപ്യൂട്ടി മാനേജർ
ശ്രീമതി സോണ വർഗ്ഗീസ്	ഡെപ്യൂട്ടി മാനേജർ
ശ്രീ. അരുൺ ജോസ് ഡിക്രൂസ്	ഡെപ്യൂട്ടി മാനേജർ (ലാ ഓഫീസർ)

LIBRARY ARCHIVES Kerala Legislative Assembly